# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5258 27.06.2019-ൽ മറുപടിക്ക്

## ചെങ്ങന്നൂരിൽ പുരാവസ്തു വകുപ്പ് സ്തൂപവും ഫോട്ടോ മ്യൂസിയവും

**ചോദ്യം**

ശ്രീ.സജി ചെറിയാൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2018-ലെ പ്രളയത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആർക്കിയോളജി, ആർക്കൈവ്സ് വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ നാല് സംരക്ഷിത സ്മാരകങ്ങളാണ് നിലവിൽ ഉള്ളത്. മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, ചാത്തൻ കുളങ്ങര നരസിംഹ ക്ഷേത്രം, മാന്നാർ തൃക്കുരുട്ടി മഹാദേവ ക്ഷേത്രം, കുട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രം എന്നിവ. ഇവയിൽ 2018 ലെ മഹാപ്രളയത്തിൽ ചാത്തൻകുളങ്ങര നരസിംഹ സ്വാമി ക്ഷേത്രത്തിൽ പ്രളയ ജലം കയറിയിരുന്നു. എങ്കിലും സാരമുള്ളതോ വീണ്ടെടുക്കാൻ പറ്റാത്ത വണ്ണമുള്ളതോ ആയ നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല.<br><br>2018-ലെ പ്രളയത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആർക്കൈവ്സ് വകുപ്പുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത പ്രളയവും അതിജീവനവും സംബന്ധിച്ച ഓർമ്മകൾ വരുംതലമുറയ്ക്ക് വ്യക്തമായ കാഴ്ചപ്പാടോടെ പകരുന്നതിന് ഒരു പ്രളയ സ്തൂപവും ഫോട്ടോ മ്യൂസിയവും ചെങ്ങന്നൂരിൽ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുന്നതിന് പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | ചെങ്ങന്നൂർ മ്യൂസിയവും സ്തൂപവും സജ്ജീകരിക്കുന്ന വിഷയം സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. |

**സെക്ഷൻ ഓഫീസർ**